ഉത്തരം

(എ) 1996-97 നുശേഷം ഒരു തവണ വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. 1-1-2000 മുതൽ ഏകീകൃത വില്പന നികുതി പ്രാബല്യത്തിൽ വന്നതിന്റെ ഭാഗമായാണ് നികുതി വർദ്ധിപ്പിച്ചത്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മത്സ്യഫെഡ് ജീവനക്കാർക്ക് നിലവിൽ പ്രൊമോഷൻ പോളിസി ഇല്ല. ആർക്കും പ്രൊമോഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) മത്സ്യഫെഡിന്റെ സ്റ്റാഫ് റഗുലേഷൻ/പ്രൊമോഷൻ പോളിസി പരിശോധനയിലാണ്.

(ഡി) മത്സ്യഫെഡ് ജീവനക്കാർ 14-3-2000-ൽ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് തുടർന്ന് 10-4-2000 മുതൽ അനിശ്ചിതകാല പണിമുടക്കിന് നോട്ടീസ് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് എംപ്ലോയീസ് അസോസിയേഷൻ (ഐ. എൻ.റ്റി.യു.സി) എന്ന സംഘടന സമരത്തിൽ നിന്നും പിൻമാറുകയുണ്ടായി. സി. ഐ. റ്റി. യു. നേതൃത്വത്തിലുള്ള മത്സ്യ ഫെഡ് എംപ്ലോയീസ് ഫെഡറേഷൻ എന്ന സംഘടനയുടെ പ്രതിനിധിയെ 30-3-2000-ന് ഫിഷറീസ് ആന്റ് പോർട്സ് സെക്രട്ടറി ഇതു സംബന്ധിച്ച ചർച്ചയ്ക്കായി ക്ഷണിച്ചിട്ടുണ്ട്.

അലങ്കാര മത്സ്യം വളർത്തൽ

9 (3648) ശ്രീ. ജോണി നെല്ലൂർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലങ്കാര മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) അലങ്കാര മത്സ്യം വളർത്താൻ വേണ്ട മത്സ്യങ്ങളും തീറ്റകളും ഉപകരണങ്ങളും ഏതെല്ലാം സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കും ;

(സി) അലങ്കാര മത്സ്യം വളർത്തലിന്റെ വാണിജ്യ മൂല്യവും തൊഴിൽ സാദ്ധ്യതയും കണക്കിലെടുത്ത് കൂടുതൽ മുതൽ മുടക്ക് ഈ മേഖലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഐ.സി.എ.ആർ., കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം എന്നിവയുടെ അംഗീകാരത്തോടുകൂടി യഥാക്രമം 48.50 ലക്ഷം രൂപ, 102.50 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ടു പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ 102.5 ലക്ഷം രൂപയുടെ പദ്ധതിയിൽ 48 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകരിച്ച പദ്ധതി

1. പദ്ധതി അടങ്കൽ - 48 ലക്ഷം രൂപ
2. ലക്ഷ്യമിട്ടിരിക്കുന്ന ആകെ അലങ്കാര മത്സ്യോത്പാദന യൂണിറ്റുകൾ - 200
3. 4 പേർ ചേർന്നുള്ള സിമന്റു ടാങ്ക് യൂണിറ്റുകൾ - 100/യൂണിറ്റൊന്നിന് 22,000 രൂപ വീതം
4. 2 പേർ ചേർന്നു നിലവിലുള്ള കുളങ്ങളിൽ മത്സ്യോത്പദന യൂണിറ്റ് - 100/യൂണിറ്റൊന്നിന് 11,000 രൂപ വീതം

ഐ.സി.എ.ആർ-ന് സമർപ്പിച്ച പദ്ധതി

1. പദ്ധതിപ്രദേശം - തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾ
2. 2 മത്സ്യത്തൊഴിലാളി വനിതകൾ ചേർന്നു നടത്തുന്ന ചേറുകുളങ്ങളുടെ യൂണിറ്റുകൾ.
   (എ) യൂണിറ്റുകളുടെ എണ്ണം - 175
   (ബി) ഒരു യൂണിറ്റിൽ ചെലവാകുന്ന തുക - 16,000 രൂപ
   (സി) ആകെ - 28,00,000 രൂപ
3. 4 മത്സ്യത്തൊഴിലാളി വനിതകൾ ചേർന്നു നടത്തുന്ന സിമന്റ് ടാങ്ക് യൂണിറ്റുകൾ
   (എ) യൂണിറ്റുകളുടെ എണ്ണം - 25
   (ബി) ഒരു യൂണിറ്റിന്റെ ചെലവ് - 32,000 രൂപ
   (സി) ആകെ - 8,00,000 രൂപ
4. പദ്ധതി നിർവഹണ ചെലവ് - 7,50,000 രൂപ. 5 ലക്ഷം രൂപ ഉപയോഗിച്ച് അലങ്കാര മത്സ്യകൃഷി വികസനത്തിനായി ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുവാനും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് അടുത്തു തന്നെ അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഇവ ഒന്നും സർക്കാർ ഏജൻസികളിൽ ലഭ്യമല്ല.

(സി) മുകളിൽ പ്രസ്താവിച്ച ഐ. സി. എ. ആർ, കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം എന്നിവയുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് പുറമെ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly